**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6101 07.11.2016 ൽ മറുപടിയ്ക്ക്**

**കരിമ്പ് കൃഷിക്കാരുടെ വിവിധ ആവശ്യങ്ങൾ**

| ചോദ്യം<br>**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) സംസ്ഥാനത്തുള്ള കരിമ്പ് കൃഷിക്കാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ചെങ്ങന്നൂർ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ; | എ) കരിമ്പ് കൃഷിക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് ചെങ്ങന്നൂർ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച നിവേദനം പരിഗണിച്ച് വരുന്നു. |
| ബി) ചെങ്ങന്നൂർ താലൂക്കിലെ പാണ്ടനാട്, തിരുവൻവണ്ടൂർ ഭാഗങ്ങളിലെ കരിമ്പുകൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാൻ കഴിയുമെന്ന് വിശദീകരിക്കുമോ; | ബി) നിലവിൽ കരിമ്പ് കൃഷിയ്ക്കായി സംസ്ഥാന/കേന്ദ്ര പദ്ധതികൾ ഒന്നും തന്നെ കേരളത്തിൽ നടപ്പാക്കുന്നില്ല. നിലവിൽ കരിമ്പ് കൃഷിക്കായുള്ള പ്രോജക്ടുകളൊന്നും ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടില്ല. കരിമ്പ് കൃഷിക്കാർക്കായി ആത്മ പദ്ധതിയിൽ ഡിസ്ട്രിക്ട് സ്പെസിഫിക്ക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നത് പരിഗണനയിലാണ്. |
| സി) കരിമ്പ് കൃഷിയെ സംബന്ധിച്ചുള്ള വിവരങ്ങൾ കൃഷിവകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം വിശദീകരിക്കുമോ? | സി) സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.kerala.agriculture.gov.in എന്ന ഹോം പേജിൽ നിന്നും കരിമ്പുകൃഷിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലിങ്ക് നൽകിയിട്ടുണ്ട്. |

S. K.

**സെക്ഷൻ ഓഫീസർ**